**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **20-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. XXVII പദ്ധതിയിൽ ഉൾപ്പെടുത്തി പുത്രിക്ക ബ്ലോക്കിലെ കുന്നത്തുനാട് കൃഷി ഭവൻ നിർമ്മാണത്തിനായി 213.70 ലക്ഷം രൂപയുടെ ഭരണാനുമതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. കേരളാ ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ കൃഷി ഭവന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br><br>ആർ.ഐ.ഡി.എഫ്. XXIX-ൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിൽ 115 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ബ്ലാന്തേവർ പദ്ധതിയ്ക്ക് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതിയ്ക്കുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കേരളാ ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ്.-XXVI-ൽ ഉൾപ്പെടുത്തി മഴിവന്നൂർ പഞ്ചായത്തിലെ ചിറക്കൽ ചിറയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 88.824 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ